292330

**D 31930** (Pages : 3) Name.......................................

Reg. No...................................

# THIRD SEMESTER (CBCSS–UG) DEGREE EXAMINATION, NOVEMBER 2022

Malayalam

MAL 3B 03—NAVEENA MALAYALA KAVITHA

(2019 Admission Onwards)

Time : Two Hours and a Half Maximum : 80 Marks

## Part A

രണ്ട് മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ.
പരമാവധി 25 മാർക്ക്.

1. 'വൻകരകളിൽ പടരുന്ന ഭൂമി കുലുക്കുന്ന പാട്ടുകളെയും' എന്ന വരികൾ സൂചിപ്പിക്കുന്നതെന്ത് ?
2. "ഇവളെ പാവമീക്കുഞ്ഞു
സീതയെ, ജ്ജഗദംബ, നിൻ
ഒഴവിൻ ചാലിലായ് മെല്ലെ
ക്കിടത്തുമ്പോൾ അനാഥയായ് "
—ആശയം വ്യക്തമാക്കുക.
3. 'പുറപ്പെട്ടേടത്താണൊരായിരം കാതമവൾ നടന്നിട്ടും'—അർത്ഥം വ്യക്തമാക്കുക.
4. "ഇടക്കിടക്കെന്റെ വനചേതസ്സിലാ-
മൃഗ പൗരാണികൻ കുടഞ്ഞെണീക്കുന്നു"
—'മൃഗശിക്ഷകൻ' എന്ന കവിതയിൽ വിജയലക്ഷ്മി ഇങ്ങനെ പ്രസ്താവിക്കുന്നത് എന്തു കൊണ്ട് ?
5. ആദ്യത്തെ അഞ്ചു രൂപയുടെ നഷ്ടം—എന്നതു കൊണ്ട് കവി ഉദ്ദേശിക്കുന്നതെന്ത് ?
6. "നിന്റെ ജീവനിലഴുകിയ
ഭാഗ്യ, മെന്തൊരു ഭാഗ്യം"
—'പോത്ത്' എന്ന കവിതയിൽ തെളിയുന്ന കവിയുടെ മനോഭാവമെന്ത് ?
7. "എങ്കിലും മുറിഞ്ഞു പോകുന്ന
സ്വാസ്ഥ്യങ്ങളുടേയും അങ്കലാപ്പുകളുടേയും
ഈ വൈകുന്നേരത്തിൽ"
—ഏത് സന്ദർഭത്തിലാണ് കവി ഇങ്ങനെ പ്രസ്താവിക്കുന്നത് ?
8. വിസ്മയം പോലെ ലഭിക്കും നിമിഷത്തി-നർത്ഥം കൊടുത്തു പൊലിപ്പിച്ചെടുക്ക നാം—കടമനിട്ട ശാന്ത എന്ന ആത്മസ്പർശമുള്ള കവിതയിൽ ഇങ്ങനെ പറയുന്ന സമൂഹ്യ സാഹചര്യമെന്ത് ?

**Turn over**

292330

9. നീ ഇപ്പോഴും ഈ നാടിനെ സ്നേഹിക്കുന്നുവോ ? ഈ മറുചോദ്യത്തിന്റെ സാഹചര്യവും പ്രസക്തിയും എന്ത് ?

10. കെടുതികൾ പെറ്റു കൂട്ടുന്ന വിശപ്പിന്റെ എന്ന് കരിയിലയെ കവി വിശേഷിപ്പിക്കാൻ കാരണമെന്ത് ?

11. ആധുനിക കവിതയുടെ രണ്ട് സവിശേഷതകൾ സൂചിപ്പിച്ച് കുറിപ്പ് തയ്യാറാക്കുക.

12. വീടെവിടെയെന്നാരേലും ചോദിച്ചാൽ ഞാൻ തെറ്റിച്ചു പറയും–ഇങ്ങനെ കവി പറയാൻ കാരണമെന്ത് ?

13. ഇല്ലാത്ത ബസ്സു കാത്തു നിൽക്കുന്ന ആധുനികന്റെ മനോഭാവമാണ് ബസ്സ് സ്റ്റോപ്പിൽ എന്ന കവിതയിൽ –സമർത്ഥിക്കുക.

14. എം.ബി. മനോജിന്റെ കവിതകളുടെ പൊതു സവിശേഷതകളെ ഉൾക്കൊള്ളിച്ച് ലഘു കുറിപ്പ് തയ്യാറാക്കുക.

15. എഡിറ്റർമാരില്ലാതാകുന്ന കവിത–ലഘു കുറിപ്പ് തയ്യാറാക്കുക.

(25 marks)

## Part B

ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.
അഞ്ച് മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ.
പരമാവധി മാർക്ക് 35.

16. പുരാണകഥാസന്ദർഭങ്ങളെ പുതിയകാല സാഹചര്യവുമായി ചേർത്ത് വിവരിക്കുന്നത് ആധുനിക കവിതയുടെ ആഖ്യാന സവിശേഷതയാണ്. കെ.ജി. ശങ്കരപ്പിള്ളയുടെ ബംഗാളിനെ മുൻനിർത്തി വിശദമാക്കുക.

17. കാടെവിടെ മക്കളേ എന്ന കവിതയിൽ തെളിയുന്ന പാരിസ്ഥിതികാവബോധത്തെ വിമർശനാത്മകമായി വിലയിരുത്തുക.

18. "വെളിച്ചം ദുഃഖമാണുണ്ണി
തമസ്സല്ലോ സുഖപ്രദം–അക്കിത്തം
ഇരുട്ടിനെക്കാൾ വ്യാഖ്യാനം ദുഷ്കരം
ഈ വെയിൽ തീയാണ്
ഇവിടെ ഓരോ അണുവും ഓരോ സൂര്യനായി
എന്നെ ദഹിപ്പിക്കുന്നു–കെ.ജി. ശങ്കരപ്പിള്ള"

–വരികൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

19. മൃഗശിക്ഷകനിലെ ഭയം എന്ന വൈകാരികാവസ്ഥയും വലയത്തിൽ നിന്ന് ചാടാനുള്ള ത്വരയും ആധുനിക ജീവിതാവസ്ഥകളിൽ എങ്ങനെ പ്രതിഫലിക്കുന്നുവെന്ന് വ്യക്തമാക്കുക.

20. നവമാധ്യമങ്ങളുടെ കാലത്തെ കവിതയെ മഷി മാഞ്ഞു പോകുന്ന കാലത്തിന്റെ കവിത എന്നു വിശേഷിപ്പിക്കുന്നതിലെ സാധ്യതയും പരിമിതിയും ചർച്ച ചെയ്യുക.

21. "ഒരു നെടുവീർപ്പെങ്കിലുമയച്ചു
ഈ നിർവികാരതയെ നീ ഭഞ്ജിക്കുക"

–കവിക്ക് നിർവികാരമായി അനുഭവപ്പെടുന്ന ജീവിത സാഹചര്യങ്ങൾ വിശദമാക്കുക.

22. "ആ ആലിൻ പൊത്തിൽ വിഷം പുരട്ടിയ

ഒരമ്പു കൊണ്ട് വെച്ചേക്കുക"

—പനി എന്ന കവിതയിൽ കവി സച്ചിദാനന്ദൻ വിശദമാക്കുന്ന സാമൂഹിക ദർശനങ്ങൾ വിവരിക്കുക.

23. "ഒരു കുറ്റിച്ചൂല്-

ഒരു നാറത്തേപ്പ്-ഞെണുങ്ങിയ വക്കാർ-

ന്നൊരു കഞ്ഞിപ്പാത്രം-

ഒരട്ടിമണ്ണവൾ - ആറ്റൂർ

പുതുമയില്ലാത്ത

ഉപമകളെന്ന് പറയരുതേ

ജീവിതമാണത് "—വിജില ചിറപ്പാട് വരികളിൽ തെളിയുന്ന സ്ത്രീ ജീവിതാവസ്ഥകളെ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

(35 marks)

## Part C

ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് മൂന്ന് പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

പരമാവധി മാർക്ക് 20.

24. അതിസാധാരണമായ ജീവിത സന്ദർഭങ്ങളിൽ നിന്നും അനുഭവങ്ങളിൽ നിന്നും കവിത കണ്ടെടുക്കുകയാണ് പുതുകാല കവിത. പുതുകാല കവിതയുടെ പ്രമേയത്തേയും ആഖ്യാനത്തെയും മുൻനിർത്തി ഉദാഹരണ സഹിതം സമർത്ഥിക്കുക.

25. കുടുംബ ജീവിതത്തിലെ വ്യത്യസ്ത മനോഭാവങ്ങൾ വ്യക്തമാക്കുന്ന കവിതകളാണ് 'കവിപ്രേയസി'യും 'മൃഗശിക്ഷകനും' 'അടുക്കളയില്ലാത്ത വീടും' സ്വാഭിപ്രായം രേഖപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക.

26. ഭാഷയിലും പ്രമേയ സ്വീകരണത്തിലും സമകാലിക കവിത മുന്നോട്ടു വെയ്ക്കുന്ന കീഴാളപക്ഷ രാഷ്ട്രീയത്തെ ഉദാഹരണസഹിതം വ്യക്തമാക്കുക.

27. പനി എന്ന കവിത ചർച്ച ചെയ്യുന്ന പ്രമേയത്തിന്റെ സാധുതയും അതിനോടുള്ള നിങ്ങളുടെ പ്രതികരണവും രേഖപ്പെടുത്തുക.

(20 marks)

448650

D 51691

(Pages : 2)

Name.......................................

Reg. No....................................

# THIRD SEMESTER (CBCSS–UG) DEGREE EXAMINATION NOVEMBER 2023

B.A./B.Sc.

Malayalam

MAL 3A 09—MALAYALA SAHITHYAM – 3

(2019–2022 Admissions)

Time : Two Hours and a Half

Maximum : 80 Marks

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വിതം. പരമാവധി മാർക്ക് 25.

1 അജ്ഞാത പ്രപഞ്ച സൗന്ദര്യമാവാഹിക്കുന്ന മനസ്സ് നഷ്ടപ്പെട്ട കാവ്യകലായോഗി–ആരെക്കുറിച്ചുള്ള പരാമർശം ? സന്ദർഭം എഴുതുക.

2 'ഗൗരികുണ്ഡ്'–സ്ഥലകാല സവിശേഷതകൾ കുറിക്കുക.

3 അടൂർ ഗോപാലകൃഷ്ണന്റെ അഭിപ്രായത്തിൽ കലാസൃഷ്ടിയിൽ ഉൾപ്പെടുന്ന മൂന്ന് ഘടകങ്ങൾ ഏതെല്ലാം ?

4 'എന്നെ ചൂഴ്ന്ന് നിൽക്കുന്ന അന്ധതയുടെ കനത്ത മതിലുകൾ പിഴുതെറിയാൻ ഞാൻ തീർച്ചപ്പെടുത്തി' –സന്ദർഭം എന്ത് ?

5 'ഒരച്ഛന്റെ ഓർമ്മക്കുറിപ്പുകൾ' എന്ന കൃതിയുടെ രചനയ്ക്ക് ആധാരമായ സംഭവം എന്താണ് ?

6 'പാവം ! വിളക്കൂതിക്കെടുത്തിയിട്ടും നിഴല് തെരയുന്ന കളിക്കുഞ്ഞ്'–ആരുടെ വാക്കുകൾ ? ആരെക്കുറിച്ചാണ് ഈ പരാമർശം ?

7 'ഗന്ധുവാളി' മനുഷ്യരുടെ വേഷവിധാനങ്ങൾ എന്തെല്ലാം ?

8 നാടകത്തിൽ നിന്നും സിനിമയിലേക്കുള്ള യാത്രയിൽ അഭിനയരംഗത്ത് സംഭവിച്ച മാറ്റങ്ങൾ എന്തെല്ലാം ?

9 മലയാളത്തിലെ മറ്റ് ആത്മകഥകളിൽ നിന്നും 'കവിയുടെ കാല്പാടുകൾ' എന്ന കൃതിയെ വ്യതിരിക്തമാക്കുന്ന ഘടകങ്ങൾ എന്തെല്ലാം ?

10 'കാലി കമ്പിളി ബാബ' എന്ന കഥാപാത്രം ആര് ?

11 പെരുന്തച്ചനും മകനും തമ്മിലുള്ള അന്തർ സംഘർഷം തിരക്കഥയിൽ എം.ടി. എങ്ങനെ അടയാളപ്പെടുത്തുന്നു ?

12 വയലാ വാസുദേവൻപിള്ള അവതരിപ്പിക്കുന്ന തനതു നാടകദർശനം എന്താണ് ?

13 സഞ്ചാര സാഹിത്യകൃതികൾക്ക് ഉണ്ടായിരിക്കേണ്ടുന്ന സവിശേഷതകൾ എന്തെല്ലാം ?

Turn over

448650

14 ജി. ശങ്കരപ്പിള്ളയുടെ ഭരതവാക്യം എന്ന കൃതി മുന്നോട്ട് വയ്ക്കുന്ന ആശയം എന്ത് ?

15 മലയാള നാടകസാഹിത്യ ചരിത്രത്തിൽ സംഗീത നാടകങ്ങൾക്കുള്ള പങ്കെന്ത് ?

(25 marks)

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക് വീതം. പരമാവധി മാർക്ക് 35.

16 കേദാർനാഥ് ക്ഷേത്രത്തെക്കുറിച്ചുള്ള ഐതീഹ്യകഥ വിശദമാക്കുക.

17 ജീവചരിത്രവും ആത്മകഥയും തമ്മിലുള്ള വ്യത്യാസങ്ങൾ പാഠ്യകൃതികളെ മുൻനിർത്തി വ്യക്തമാക്കുക.

18 പി. യുടെ പാരിസ്ഥിതിക ദർശനങ്ങളുടെ സൗന്ദര്യവും കാവ്യവീക്ഷണവും 'കവിയുടെ കാല്പാടുകൾ' എന്ന കൃതിയെ മുൻനിർത്തി പരിശോധിക്കുക.

19 സിനിമ എന്ന ബഹുജനമാധ്യമത്തിൽ സംവിധാനം ഒരു കലയായി പരിഗണിക്കേണ്ടുന്നതിന്റെ ആവശ്യകത എത്രമാത്രമാണ് ? വിശദമാക്കുക.

20 ഭരതവാക്യത്തിലെ 'മിത്രം' എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

21 കലർപ്പുകളില്ലാതെ, മറകൾ സൃഷ്ടിക്കാതെ ഹൃദയം കൊണ്ടെഴുതിയ ഓർമ്മക്കുറിപ്പാണ് 'ഇവൻ എന്റെ പ്രിയ സി.ജെ'–വിലയിരുത്തുക.

22 സദാചാര ബോധങ്ങളിൽ നിന്നുണ്ടായ ഭയപ്പാടുകളിലും ആത്മസംഘർഷങ്ങളിലും ഉഴലുന്ന മനുഷ്യ ജീവിതങ്ങളുടെ തകർച്ചയാണ് 'പെരുന്തച്ചൻ' എന്ന തിരക്കഥ–പരിശോധിക്കുക.

23 ശക്തമായ സാമൂഹിക വിമർശനത്തിന്റെയും ഹൃദയനൊമ്പരത്തിന്റെയും അടയാളപ്പെടുത്തലാണ് 'ഒരച്ഛന്റെ ഓർമ്മക്കുറിപ്പുകൾ' എന്ന കൃതി–വിശദമാക്കുക.

(35 marks)

III. ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. പരമാവധി മാർക്ക് 20.

24 തന്റെ നിഴലിനെ മാത്രം സഹയാത്രികനാക്കിക്കൊണ്ട് അപകടപാതകളിലൂടെ രാജൻ കാക്കനാട് നടത്തിയ സാഹസികതയുടെ പച്ചയായ ആവിഷ്കാരമാണ് ഹിമവാന്റെ മുകൾത്തട്ടിൽ'–പരിശോധിക്കുക.

25 'മലയാള തിരക്കഥാരംഗത്തെ വേറിട്ട വ്യക്തിത്വമാണ് എം.ടി. വാസുദേവൻ നായർക്കുള്ളത്'– പെരുന്തച്ചൻ എന്ന തിരക്കഥയെ ആസ്പദമാക്കി ചർച്ച ചെയ്യുക.

26 സാമുദായിക അസമത്വങ്ങളോടുള്ള എതിർപ്പും നവോത്ഥാന ആശയങ്ങളുടെ പ്രതിഫലനവുമാണ് 'കണ്ണീരും കിനാവും' എന്ന ആത്മകഥ–വിശദമാക്കുക.

27 മലയാള നാടക ചരിത്രത്തിൽ തനതു നാടകങ്ങൾക്കുള്ള പങ്കെന്ത് ? വിവരിക്കുക.

(2 × 10 = 20 marks)

D 51879 (Pages : 2) Name.....................................

Reg. No.....................................

# THIRD SEMESTER (CBCSS-UG) DEGREE EXAMINATION NOVEMBER 2023

Malayalam

MAL3B04—DRISHYA KALA SAHITHYAM

(2019—2022 Admissions)

Time : Two Hours and a Half Maximum : 80 Marks

## എ വിഭാഗം

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക :

1 കൂടിയാട്ടം എന്ന കലാരൂപത്തിന്റെ സവിശേഷതകൾ എന്തെല്ലാം ?

2 എന്താണ് വിനോദകലകൾ ? വ്യക്തമാക്കുക ?

3 ലോകധർമ്മി എന്നാൽ എന്ത് ?

4 കഥകളിയിലെ വേഷങ്ങൾ ഏതൊക്കയാണ് ?

5 തോടയം എന്ന ചടങ്ങിന്റെ സവിശേഷതകൾ എന്തൊക്കെയാണ് ?

6 'അവനവൻ കടമ്പ' എന്ന പേര് സൂചിപ്പിക്കുന്നതെന്ത് ?

7 മാതുമൂപ്പിലിന്റെ രൂപസവിശേഷതകൾ എന്തൊക്കയാണ് ?

8 സാമൂഹികനാടകം എന്നാൽ എന്ത് ?

9 കുട്ടികളുടെ നാടകവേദികളുടെ പ്രാധാന്യമെന്ത് ?

10 എന്താണ് അമച്വർ നാടകം ? വ്യക്തമാക്കുക.

11 ഭൂതധാനിയിലെ നിയമാവലി എപ്രകാരമായിരുന്നു ?

12 കവിയുടെ തലവെട്ടാൻ രാജാവ് ഉത്തരവിട്ടതിന്റെ സാഹചര്യമെന്ത് ?

13 'പാട്ടുപരിക്ഷ ഒന്നാമന്' നാടകത്തിൽ വേറിട്ട വ്യക്തിത്വമുണ്ടാക്കിയ സന്ദർഭമേത് ?

14 നളന് പുരാപുണ്യഫലപ്രാപ്തിയുണ്ടായതെങ്ങനെ ?

15 ശകുന്തളയിലുണ്ടായ തപോപവനവിരോധിയായ വികാരമെന്ത് ?

(2 × 15 = 30 പരമാവധി മാർക്ക് 25)

Turn over

## ബി വിഭാഗം

ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക :

16 നാടോടിമാന്ത്രികകർമങ്ങൾ 'അവനവൻ കടമ്പ'യെ എപ്രകാരം സ്വാധീനിച്ചിരിക്കുന്നു എന്ന് വ്യക്തമാക്കുക.

17 'പെരുമ്പറ' എന്ന ശീർഷകം വിനിമയംചെയ്യുന്ന അർത്ഥകല്പനകൾ വിശദമാക്കുക.

18 നളചരിതത്തിലെ ഉദ്യാനവർണനയുടെ സവിശേഷതകൾ വിശദമാക്കുക.

19 ''പാഥസാം നിചയം വാർന്നൊഴിഞ്ഞളവ്

സേതുബന്ധനോദ്യോഗമെന്തടോ''

സൂചിതമെന്ത് ? അലങ്കാരഭംഗി വിശദമാക്കുക.

20 സാമൂഹികനാടകത്തിന്റെ സവിശേഷതകൾ സർവ്വേക്കല്ല് എന്ന കൃതിയിൽ എത്രത്തോളം പ്രകടമാണ് ?

21 പി.എം. താജിന്റെ സാഹിത്യസംഭാവനകൾ എന്തൊക്കെയാണ് ?

22 മാഢവ്യൻ എന്ന കഥാപാത്രത്തിന്റെ വ്യക്തിത്വസവിശേഷതകൾ നിരൂപണം ചെയ്യുക.

23 ''ഉപവനലതകൾക്കു മാനഭംഗം

വിപിനലതോന്നതി മൂലമുദ്ഭവിച്ചു'' സൂചിതമെന്ത് ?

($5 \times 8 = 40$ പരമാവധി മാർക്ക് 35)

## സി വിഭാഗം

ഏതെങ്കിലും രണ്ടു ചോദ്യങ്ങളെക്കുറിച്ച് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക :

24 ശാകുന്തളത്തിലെ ആശ്രമജീവിതത്തെക്കുറിച്ച് വിവരിക്കുക.

25 അവനവൻകടമ്പ എന്ന നാടകത്തിൽ തനതുനാടകപ്രസ്ഥാനത്തിന്റെ സവിശേഷതകൾ എത്രത്തോളം പ്രകടമാണ് ?

26 നളചരിതത്തിലെ ഭാഷയുടെ സവിശേഷതകൾ വിശദമാക്കുക.

27 ആദാമിന്റെ മകൻ അബു എന്ന ചലച്ചിത്രമുന്നയിക്കുന്ന സാമൂഹികപ്രശ്നങ്ങളുടെ സമകാലികപ്രസക്തി ചർച്ചചെയ്യുക.

($2 \times 10 = 20$ മാർക്ക്)

C 3651 (Pages : 2) Name.....................................

Reg. No..................................

**FOURTH SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2021**

Malayalam

MAL 4B 05—PRACHEENA MADHYAKALA MALAYALA KAVITHA

Time : Two Hours and a Half Maximum : 80 Marks

**Section A**

*Answer at least* **ten** *questions.*
*Each question carries 3 marks.*
*All questions can be attended.*
*Overall Ceiling* 30.

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

1 പ്രഭാതത്തിന്റെ വരവിനെ ഉണ്ണുനീലി സന്ദേശകാരൻ അവതരിപ്പിച്ചിരിക്കുന്നത് എപ്രകാരം ?

2 "ഞാനുടക്കിനതിനേണനയനേ, നടമിടെൻ നാവിലിച്ചയൊടു

വച്ചടിയിണക്കമലതാർ"

—വിശദമാക്കുക.

3 പാട്ട് എന്തെന്ന് നിർവചിച്ച് വിശദമാക്കുക.

4 "വൈദർഭീ സാ വളർന്നാൾ മിഥിലയിലവനീ-

പുത്രി പണ്ടെന്നപോലെ"

—ആരെക്കുറിച്ചാണ് ഈ പരാമർശം ?

5 ഭാഷാസംസ്കൃതയോഗം–വിവക്ഷ എന്ത് ?

6 മധ്യകാല ചമ്പുവിന്റെ സവിശേഷതകൾ ഭാഷാനൈഷധം ചമ്പുവിനെ മുൻനിർത്തി വിശദമാക്കുക.

7 "പവനനവനെ ചെന്റുകൊന്റാൻ തദാനീം". ആരെ ? എപ്പോൾ ?

8 എന്താണ് 'ഇശൽ' ?

9 'മുണ്ടയ്ക്കൽ സന്ദേശം ഒരു മുഴുത്ത ചിരി' എന്ന പ്രസ്താവനയുടെ പൊരുളെന്ത് ?

10 "ദീനനായ് നിന്നൊരു ഞാനായ പൂവിൽ നി-

ന്നാനന്ദമാടിക്കളിക്കുമോ താൻ ?"

—സന്ദർഭവും ആശയവും വ്യക്തമാക്കുക.

11 സാമുദായിക ഗാനങ്ങൾ പ്രകടമാക്കുന്ന ഭാഷാപരമായ സവിശേഷതകൾ വ്യക്തമാക്കുക.

Turn over

12 ഗാഥാപ്രസ്ഥാനത്തിന്റെ സവിശേഷതകൾ വിശദമാക്കുക.

13 ഹനുമാൻ സീതയോട് രാമനെക്കുറിച്ച് പറയുന്നത് എന്തെല്ലാം വിശേഷണങ്ങളാണ് ?

14 തോറ്റം പാട്ടിന്റെ സവിശേഷതകൾ വ്യക്തമാക്കുക.

15 "പെരുകിന കൗതുകമുണ്ടതുകേൾപ്പാൻ പരിചൊടു തൽക്കഥ കഥനം ചെയ്ക"—സന്ദർഭവും ആശയവും വ്യക്തമാക്കുക.

(10 × 3 = 30)

## Section B

*Answer at least* **five** *questions.*
*Each question carries* 6 *marks.*
*All questions can be attended.*
*Overall Ceiling* 30.

II. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

16 "കൃഷ്ണകുചേലസംഗമം ഒരേ സമയം ഭക്തിയും സൗഹൃദവും ചേർന്നിരിക്കുന്ന അനുഭവം പകർന്നു നല്കുന്നു"—വിശദമാക്കുക.

17 സ്ത്രീപർവ്വം എന്ന പേരിന്റെ പ്രസക്തി വ്യക്തമാക്കുക.

18 അക്രൂരൻ അമ്പാടിയിൽ കണ്ട കാഴ്ചകൾ എന്തെല്ലാം ?

19 ഹനൂമാൻ കണ്ട രാവണന്റെ ചിത്രം കണ്ണശ്ശകവി അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെ ?

20 മാപ്പിളപ്പാട്ടിന്റെ സവിശേഷതകൾ എന്തെല്ലാം ?

21 തെക്കൻ പാട്ടിന്റെ സവിശേഷതകൾ ഇരവിക്കുട്ടിപ്പിള്ളപ്പാട്ടിനെ അടിസ്ഥാനമാക്കി വിവരിക്കുക.

22 സുന്ദരകാണ്ഡം എന്ന പേരിന്റെ ഔചിത്യം വിശദമാക്കുക.

23 സ്ത്രീപർവത്തിൽ വിദുരോപദേശത്തിന്റെ പ്രസക്തിയെന്ത് ?

(5 × 6 = 30)

## Section C

*Answer any* **two** *questions.*
*Each question carries* 10 *marks.*

III. മൂന്നുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

24 തുള്ളൽക്കഥയിലെ നാടകീയത പാഠഭാഗത്തെ ആസ്പദമാക്കി ഉപന്യസിക്കുക.

25 സന്ദേശകാവ്യ പ്രസ്ഥാനത്തിന്റെ സവിശേഷതകൾ ഉണ്ണുനീലി സന്ദേശം എന്ന കൃതിയെ ആസ്പദമാക്കി ഉപന്യസിക്കുക.

26 സ്ത്രീപർവ്വത്തിലെ ഗാന്ധാരീവിലാപം മഹാഭാരതത്തിലെ ഏറ്റവും ഹൃദയസ്പർശിയായ രംഗങ്ങളിലൊന്നാണ്—സമർത്ഥിക്കുക.

27 രാമചരിത്രത്തിൽ നിന്ന് കൃഷ്ണഗാഥയിലേക്കെത്തുമ്പോൾ ഭാഷയ്ക്കുണ്ടായ പരിണാമത്തെ വിലയിരുത്തുക.

(2 × 10 = 20)

C 3652 (Pages : 3) Name..............................

Reg. No..............................

# FOURTH SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2021

Malayalam

MAL 4B 06—MALAYALA NOVEL SAHITHYAM

Time : Two Hours and a Half Maximum : 80 Marks

## Section A

*Answer at least* **ten** *questions.*
*Each question carries* 3 *marks.*
*All questions can be attended.*
*Overall Ceiling* 30.

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

1 'മലയാളത്തിലെ സ്കോട്ട്' എന്നറിയപ്പെടുന്നത് ആരാണ് ? അദ്ദേഹത്തിന്റെ പ്രധാന കൃതികൾ ഏതെല്ലാം ?

2 ഉത്തര മലബാറിലെ പുലയരുടെ കഥ പ്രതിപാദിക്കുന്ന നോവൽ ഏതാണ് ? രചിച്ചതാര് ?

3 കേശവദേവിന്റെ ഭ്രാന്താലയം എന്ന നോവലിന്റെ പ്രമേയമെന്ത് ?

4 'ഒന്നും ഒന്നും മ്മിണി ബല്യ ഒന്ന് ; എന്നഭിപ്രായപ്പെടുന്ന ബഷീറിന്റെ കഥാപാത്രത്തിന്റെ പേരെന്ത് ? കൃതിയേത് ?

5 ഇന്ദുലേഖയിലെ പതിനെട്ടാം അധ്യായത്തെ 'നവോത്ഥാനപരമായ കാഴ്ചപ്പാടിന്റെ നേരിട്ടുള്ള ചർച്ച ' എന്ന് വിശേഷിപ്പിച്ചതാരാണ് ? അങ്ങനെ അഭിപ്രായപ്പെടാനുള്ള സാഹചര്യമെന്ത് ?

6 ലളിതാംബിക അന്തർജ്ജനത്തിന്റെ ഏക നോവൽ ഏതാണ് ? ഈ നോവലിന് ലഭിച്ചിട്ടുള്ള അവാർഡുകൾ ഏതെല്ലാം ?

7 അനന്തപത്മനാഭൻ, ഭ്രാന്തൻ ചാന്നാൻ തുടങ്ങിയ കഥാപാത്രങ്ങൾ പ്രത്യക്ഷപ്പെടുന്ന നോവൽ ഏതാണ് ? കർത്താവാരാണ് ?

8 'അന്ധനായ ദൈവം' എന്ന കൃതിയുടെ രചയിതാവാര് ?

9 'ചന്തുമേനോന്റെ ആത്മാംശം ഉൾക്കൊള്ളുന്ന കഥാപാത്രമാണ് മാധവൻ' ഈ നിരീക്ഷണത്തിന്റെ പ്രസക്തിയെന്ത് ?

10 കേരളത്തിലെ ആദിവാസി സമൂഹമായ മലയരയമ്മാരെക്കുറിച്ച് ഒരു ആദിവാസി എഴുതിയ ആദ്യത്തെ നോവലേതാണ് ? പ്രമേയമെന്താണ് ?

11 ഭാഷയിലെ ആദ്യത്തെ ലക്ഷണമൊത്ത നോവലിന്റെ പേരെന്താണ് ? രചിച്ചത് ആരാണ് ? അദ്ദേഹത്തിന്റെ അപൂർണ്ണ നോവലിന്റെ പേരെന്താണ് ?

Turn over

12 വാൾട്ടർ സ്കോട്ടിന്റെ ഐവാനൊയുടെ മാതൃകയിൽ രചിച്ച മലയാള ചരിത്രനോവൽ ഏതാണ് ? രചിച്ചതാര് ? വർഷമേത് ?

13 'ഉറൂബ് ' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന എഴുത്തുകാരനാരാണ് ? മായൻ എന്ന കഥാപാത്രം ഉറൂബിന്റെ ഏത് നോവലിൽ പ്രത്യക്ഷപ്പെടുന്നു ?

14 ഗൗതമൻ എന്ന കഥാപാത്രത്തിനാൽ ശ്രദ്ധേയമായ കൃതി ഏത് ? രചിച്ചതാര് ?

15 'മന്ദാരത്തിന്റെ ഇലകൾ ചേർത്തു തുന്നിയ ഈ പുനർജനിയുടെ കൂടുവിട്ട് ഞാൻ വീണ്ടും യാത്രയാകുന്നു . . . 'ആര് ? കൃതിയേത് ?

(10 × 3 = 30 marks)

## Section B

*Answer at least* **five** *questions.*
*Each question carries* 6 *marks.*
*All questions can be attended.*
*Overall Ceiling* 30.

II. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

16 കൊച്ചുരാമനെന്ന മനുഷ്യനിലൂടെയും കുഞ്ഞിപ്പെണ്ണിന്റെ കണ്ണുനീരിലൂടെയും കൊച്ചേരേത്തി എന്ന നോവൽ മനുഷ്യാവസ്ഥയുടെ പുതിയൊരു ഇതിഹാസം രചിക്കുന്നു. വ്യക്തമാക്കുക.

17 ആധുനികതയുടെ തിരശ്ശീലക്കു പിന്നിൽ പാരമ്പര്യത്തിന്റെ ആട്ടം നടത്തിയവരാണ് മുകുന്ദന്റെ കഥാപാത്രങ്ങൾ—വിശകലനം ചെയ്യുക.

18 സമൂഹത്തിൽ അനാചാരങ്ങൾ കൊടി കുത്തി നിന്ന കാലഘട്ടത്തിന്റെ ഇരുണ്ട ഭൂമിയിൽ വെളിച്ചമായി വന്ന നോവലാണ് 'അഗ്നിസാക്ഷി'. വിലയിരുത്തുക.

19 'ബാല്യകാലസഖി ജീവിതത്തിൽ നിന്ന് വലിച്ച് ചീന്തിയ ഒരു ഏടാണ്. അതിന്റെ വക്കിൽ രക്തം പൊടിഞ്ഞിരിക്കുന്നു'വെന്ന് എം.പി. പോൾ—നിരൂപിക്കുക.

20 'ചന്തുമേനോന്റെ കഥാപാത്രങ്ങൾക്ക് വിശേഷ വ്യക്തിത്വത്തെക്കാൾ സമൂഹ വ്യക്തിത്വമാണുള്ളത് '. അപഗ്രഥിക്കുക.

21 ദാർശനിക കാഴ്ചപ്പാടിന്റെ വെളിച്ചത്തിൽ മനുഷ്യനും അവനിൽ അധീശത്വം ചെലുത്തുന്ന അജ്ഞാത ശക്തികൾക്കും പുതിയ അർത്ഥതലങ്ങൾ അന്വേഷിച്ച എഴുത്തുകാരനാണ് സി.വി. രാമൻപിള്ള —സമർത്ഥിക്കുക.

22 ഇല്ലായ്മയുടെയും വറുതിയുടെയും മധ്യത്തിൽ ജാതിയും മതവും തീവ്രവികാരങ്ങളുണർത്തി താണ്ഡവ നൃത്തമാടി നിന്ന കാലത്തിന്റെ പശ്ചാത്തലത്തിലാണ് കേശവദേവ് ഭ്രാന്താലയമെന്ന നോവൽ രചിച്ചത് പരിശോധിക്കുക.

23 ഇരുട്ടു കയറിയ ഇടനാഴികളിലേക്ക് പ്രകാശം പരത്തുന്ന ഉമ്മാച്ചു സ്നേഹത്തിന്റെയും കാമനയുടെയും നഷ്ടത്തിന്റേയും വേദനയുടേയും കഥയാണ്. ചർച്ച ചെയ്യുക.

(5 × 6 = 30 marks)

## Section C

*Answer any* **two** *questions.*
*Each question carries* **10** *marks.*

III. മുന്നൂറു വാക്കിൽ കവിയാതെ ഉത്തരം എഴുതുക.

24 മലയാള നോവൽ സാഹിത്യത്തിന്റെ വികാസ പരിണാമങ്ങളെക്കുറിച്ച് വിവരിക്കുക.

25 സി.വി. രാമൻപിള്ളയുടെ ചരിത്രാഖ്യായികകൾ കേരള സംസ്കാരത്തിന്റെ ഇതിഹാസങ്ങൾ തന്നെയാണ്. സമർത്ഥിക്കുക.

26 നായികാ പ്രധാനമായ ആദ്യകാല മലയാള നോവലുകളെക്കുറിച്ച് പ്രതിപാദിക്കുക.

27 "മലയാളത്തിന്റെ മാസ്റ്റർപീസ് തന്നെയാണ് ഖസാക്കിന്റെ ഇതിഹാസം"—ചർച്ച ചെയ്യുക.

(2 × 10 = 20)

C 2338 (Pages : 3) Name....................................

Reg. No....................................

# FOURTH SEMESTER (CUCBCSS–UG) DEGREE EXAMINATION APRIL 2021

Malayalam

## MAL 3C 03 AND MAL 4C 04—KERALA PADANAM – ADHINIVESAKALA KERALAM AND ADHUNIKA KERALAM

Time : Three Hours Maximum : 80 Marks

### Part A

I. **എല്ലാ** ചോദ്യങ്ങൾക്കും ഒറ്റവാക്കിൽ ഉത്തരമെഴുതുക.

1 പൂർണ്ണമായി മലയാളത്തിൽ അച്ചടിച്ച ആദ്യഗ്രന്ഥം ഏത് ?

2 ചാന്നാർ കലാപം നടന്നത് ഏതു വർഷം ?

3 തൃപ്പടിദാനത്തിനു ശേഷം മാർത്താണ്ഡവർമ്മ സ്വീകരിച്ച സ്ഥാനപ്പേര് എന്ത് ?

4 ഏതു വിദേശ ശക്തികളുടെ മതധ്വംസനത്തെ പറ്റിയാണ് തുഹ്ഫതുൽ മുജാഹിദ്ദീനിൽ വിവരിക്കുന്നത് ?

5 അഞ്ചുതെങ്ങിൽ കോട്ട പണിയാൻ ബ്രിട്ടിഷുകാർക്ക് അനുമതി നൽകിയതാര് ?

6 മയ്യഴി ഏതു വിദേശ ശക്തികളുടെ ആധിപത്യത്തിലായിരുന്നു ?

(6 × ½ = 3 marks)

II. ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.

കുറിപ്പെഴുതുക.

7 കുറിച്യകലാപം.

8 ബാസൽ മിഷൻ.

9 വാഗൻ ട്രാജഡി.

10 കുഞ്ഞാലി മരയ്ക്കാർ.

11 രാജ്യസമാചാരം.

12 കൂനൻ കുരിശു കലാപം.

(5 × 2 = 10 marks)

III. ഏതെങ്കിലും **മൂന്ന്** ചോദ്യത്തിന് 120 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

13 പോർച്ചുഗീസുകാരുടെയും ഡച്ചുകാരുടെയും മതനയം താരതമ്യം ചെയ്യുക.

14 'ഗുരുവായൂർ സത്യാഗ്രഹം പരാജയപ്പെട്ടുവെങ്കിലും അത് ദൂരവ്യാപകമായ ഫലങ്ങൾ ഉണ്ടാക്കി' —പ്രസ്താവന വിലയിരുത്തുക.

Turn over

15 നാട്ടുരാജ്യങ്ങൾ തമ്മിലുള്ള കലഹങ്ങൾ വിദേശികളുടെ ആധിപത്യത്തിന് എത്രത്തോളം സഹായിച്ചു ? വിശദമാക്കുക.

16 കേരളത്തിലെ ക്രൈസ്തവ സഭകളുടെ സമൂല പരിഷ്കരണത്തിനു പോർച്ചുഗീസ് ആധിപത്യം ചെലുത്തിയ സ്വാധീനത്തെ പറ്റി ഉപന്യസിക്കുക.

(3 × 5 = 15 marks)

IV. ഏതെങ്കിലും **ഒരു** ചോദ്യത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

17 മാർത്താണ്ഡവർമ്മയെ ആധുനിക തിരുവിതാംകൂറിന്റെ ശില്പി എന്ന് വിശേഷിപ്പിക്കുന്നത് എന്തുകൊണ്ട് ? വിവരിക്കുക.

18 കേരളത്തിലെ അച്ചടിയുടെ ചരിത്രം സംഗ്രഹിക്കുക.

(1 × 12 = 12 marks)

## Part B

I. **എല്ലാ** ചോദ്യങ്ങൾക്കും ഒറ്റവാക്കിൽ ഉത്തരമെഴുതുക.

19 ചട്ടമ്പിസ്വാമികളുടെ സമാധി എവിടെയാണ് ?

20 'ഹിയർ കംസ് പപ്പ' ആരു വരച്ച ചിത്രമാണ് ?

21 മലയാളി മെമ്മോറിയൽ സമർപ്പിച്ച വർഷം ഏത് ?

22 തിരുവിതാംകൂർ മുസ്ലീം മഹാസഭ സ്ഥാപിച്ചതാര് ?

23 കേരളത്തിലെ ആദ്യ മന്ത്രിസഭയിലെ വിദ്യാഭ്യാസമന്ത്രി ആരായിരുന്നു ?

24 മാർഗംകളിയിൽ ആരെക്കുറിച്ചുള്ള ഗാനങ്ങളാണ് പാടുന്നത് ?

(6 × ½ = 3 marks)

II. ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.

കുറിപ്പെഴുതുക.

25 മലയാളി മെമ്മോറിയൽ.

26 ക്ഷേത്ര പ്രവേശന വിളംബരം.

27 പ്രത്യക്ഷ രക്ഷാ ദൈവസഭ.

28 തെയ്യം.

29 സാക്ഷരതാ പ്രവർത്തനം.

30 സഹോദരൻ അയ്യപ്പൻ.

(5 × 2 = 10 marks)

III. ഏതെങ്കിലും **മൂന്ന്** ചോദ്യത്തിന് 120 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

31 കേരളീയ വാസ്തുവിദ്യയെ പറ്റി ഉപന്യസിക്കുക.

32 കേരളത്തിലെ ദളിത് മുന്നേറ്റങ്ങളുടെ ചരിത്രം സംഗ്രഹിക്കുക.

33 എൻ.എസ്.എസിന്റെ ചരിത്രം വിശദീകരിക്കുക.

34 സമകാല കേരളത്തെ നിയന്ത്രിക്കുന്ന സാമ്പത്തിക ഘടകങ്ങൾ എന്തെല്ലാം ? വിവരിക്കുക.

(3 × 5 = 15 marks)

IV. ഏതെങ്കിലും **ഒരു** ചോദ്യത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

35 ഐക്യ കേരള രൂപീകരണത്തിന് പിന്നിൽ പ്രവർത്തിച്ച ഘടകങ്ങളെ അവലോകനം ചെയ്യുക.

36 കേരളത്തിന്റെ ദൃശ്യകലാ പാരമ്പര്യത്തെ പറ്റി ഉപന്യസിക്കുക.

(1 × 12 = 12 marks)

**C 21490** (Pages : 2) Name.......................................

Reg. No...................................

## FOURTH SEMESTER (CBCSS–UG) DEGREE EXAMINATION APRIL 2022

Malayalam

MAL 4A 10—MALAYALA SAHITHYAM – IV

(2019 Admission onwards)

Time : Two Hours and a Half Maximum : 80 Marks

### Section A

*Answer at least* **ten** *questions.*
*Each question carries* 3 *marks.*
*All questions can be attended.*
*Overall Ceiling* 30.

ഒന്നോ രണ്ടോ വാക്കിൽ ഉത്തരം എഴുതുക.

1. നാട്ടറിവും നാമപഠനവും ആരുടെ കൃതിയാണ് ?
2. ആശയ വിനിമയ പ്രക്രിയയിൽ ഉൾപ്പെടുന്ന രണ്ട് പ്രധാന ഘടകങ്ങൾ ഏതൊക്കെ ?
3. ലിപ്യന്തരണം എന്നാലെന്ത് ?
4. പൗനരുക്ത്യം എന്നാലെന്ത് ? ഉദാഹരിക്കുക.
5. അംഗവിക്ഷേപ ശാസ്ത്രം എന്തിനെ സൂചിപ്പിക്കുന്നു ?
6. സൗന്ദര്യാത്മക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെപ്പറ്റി വാദിച്ച ജർമൻ ചിന്തകൻ ആര് ? കൃതിയേത് ?
7. സ്രോതഭാഷ, ലക്ഷ്യഭാഷ–ഇവ നിർവചിക്കുക.
8. മലയാളത്തിൽ വിവർത്തനം എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന മറ്റ് വാക്കുകൾ പരിചയപ്പെടുത്തുക.
9. റൂബായിയാത്ത് ആരുടെ കൃതിയാണ് ?
10. റൂമിയുടെ രണ്ട് ബൃഹദ് സമാഹാരങ്ങളുടെ പേരെഴുതുക.
11. മാത്യു അർണോൾഡിന്റെ പ്രസിദ്ധമായ വിവർത്തന സിദ്ധാന്തം ഏത് ?
12. ആശയ വിനിമയത്തിനുതകുന്ന ഭാഷേതര ഘടകങ്ങൾ ഏതെല്ലാം?
13. ഫൽഗുനൻ എന്ന പേരിന്റെ യുക്തി ലേഖകൻ വിശദീകരിക്കുന്നതെങ്ങനെ ?
14. ഭക്ഷണത്തിലെ ജനാധിപത്യത്തിന്റെ അടിസ്ഥാനമെന്ത് ?
15. ഓപ്രകാശ് വാല്മീകിയെ അക്ഷരങ്ങളുടെ ലോകത്തേക്ക് നയിച്ചത് ആരായിരുന്നു ?

(10 × 3 = 30 marks)

Turn over

172035

mal

241649

D 30724 (Pages : 2) Name.......................................

Reg. No...................................

**FIFTH SEMESTER (CBCSS–UG) DEGREE EXAMINATION NOVEMBER 2022**

Malayalam

MAL 5B 08—PASCHATHYA SAHITHYA SIDHANTHANGAL

(2019 Admission onwards)

Time : Two Hours and a Half Maximum : 80 Marks

**Section A**

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. രണ്ട് മാർക്ക് വീതമുള്ള **പതിനഞ്ച്** ചോദ്യങ്ങൾ. (പരമാവധി മാർക്ക് 25).

1 സർറിയലിസം.

2 അരിസ്റ്റോട്ടിൽ.

3 റിപ്പബ്ളിക്ക്.

4 സ്ഥിതി വിപര്യയം (Reversal of situation).

5 നിയോക്ലാസിസിസം.

6 ഇമാജിനേഷൻ.

7 ഉത്തര ഘടനാവാദം

8 അഭിസംക്രമണവാദം.

9 നവവിമർശനം.

10 അടിത്തറ-മേൽപ്പുര സങ്കല്പം.

11 രൂപഭദ്രതാവാദം.

12 മനശാസ്ത്ര നിരൂപണം.

13 അസ്തിത്വവാദം.

14 ചിഹ്നശാസ്ത്രം.

15 ഫോർമലിസം.

(25 marks)

**Section B**

II. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക് വീതമുള്ള **എട്ട്** ചോദ്യങ്ങൾ (പരമാവധി മാർക്ക് 35).

16 കലയെ എതിർക്കുന്നതിന് പ്ലേറ്റോ പറയുന്ന കാരണങ്ങൾ എന്തെല്ലാം ?

17 ലോംഗിനസിന്റെ ഉദാത്തതാ സിദ്ധാന്തത്തെ കുറിച്ച് വിവരിക്കുക.

Turn over

5'

241649

18 കാവ്യഭാഷ ഗ്രാമീണമാകണമെന്ന് വേഡ്സ് വർത്ത് പറയാനുള്ള കാരണങ്ങളെന്തെല്ലാം ?

19 ഘടനാവാദം എന്നാലെന്ത് ?വിവരിക്കുക.

20 കല ക്രൈസ്തവമാകണം എന്ന് ടോൾസ്റ്റോയി പറയാനുള്ള കാരണങ്ങളെന്തെല്ലാം ?

21 കാല്പനികത മാനം നോക്കി പ്രസ്ഥാനമാണെന്ന് പറയുന്നതെന്തു കൊണ്ട് ?

22 മാർക്സിയൻ നിരൂപണ പദ്ധതിയുടെ പ്രത്യേകതകൾ എന്തെല്ലാം ?

23 മിസ്റ്റിസിസം എന്നാലെന്ത് ?

(35 marks)

## Section C

III. ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

24 അനുകരണത്തെക്കുറിച്ചുള്ള പ്ലേറ്റോയുടെയും അരിസ്റ്റോട്ടിലിന്റെയും വാദങ്ങൾ ചർച്ച ചെയ്യുക.

25 വേഡ്സ്വർത്തിന്റെയും കോൾറിഡ്ജിന്റെയും വിമർശന പദ്ധതികൾ താരതമ്യം ചെയ്യുക.

26 നവീന വിമർശനത്തിൽ ഭാഷാശാസ്ത്രം ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് വിവരിക്കുക.

27 കഥാർസിസിനുണ്ടായ വിഭിന്ന വ്യാഖ്യാനങ്ങൾ ക്രോഡീകരിക്കുക.

(2 × 10 = 20 marks)

**D 50866** (Pages : 2) Name..............................

Reg. No..............................

**FIFTH SEMESTER (CBCSS-UG) DEGREE EXAMINATION**
**NOVEMBER 2023**

Malayalam

MAL 5B 07—MALAYALA VYAKARANAM

(2019 Admission onwards)

Time : Two Hours and a Half Maximum : 80 Marks

**Section A**

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. രണ്ട് മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ (പരമാവധി മാർക്ക് 25).

1 അംഗവാക്യം, അംഗിവാക്യം ഇവ ഉദാഹരണസഹിതം വ്യക്തമാക്കുക.

2 അല്പവിരാമം – വിവരിക്കുക.

3 പേരെച്ചം എന്നാലെന്ത് ? ഉദാഹരണസഹിതം വ്യക്തമാക്കുക.

4 ദ്വന്ദ്വസമാസം ഉദാഹരണസഹിതം വിശദീകരിക്കുക.

5 ചുട്ടെഴുത്തുകൾക്കുള്ള തദ്ധിതങ്ങൾ ഏതൊക്കെയാണ് ?

6 വിഭക്തി എന്നാൽ എന്ത് ? സ്വാമി എന്ന കാരകം അർത്ഥമായി വരുന്ന വിഭക്തി ഏതാണ് ?

7 വചനം എന്താണെന്ന് നിർവചിച്ച്, സലിംഗബഹുവചനത്തെക്കുറിച്ച് വിവരിക്കുക.

8 നിപാതം, അവ്യയം ഇവ ഉദാഹരണസഹിതം വ്യക്തമാക്കുക.

9 മേയനാമം – ഉദാഹരണസഹിതം വിവരിക്കുക.

10 കൃതികളെ സ്വഭാവം പ്രമാണിച്ച് എത്രയായി തരംതിരിക്കാം ?

11 'കണ്ടില്ല'–പിരിച്ചെഴുതി സന്ധിനിയമം വ്യക്തമാക്കുക.

12 ഉദയസവർണ്ണനം എന്നാൽ എന്ത് ? ഉദാഹരണസഹിതം വ്യക്തമാക്കുക.

13 'വരുങ്കാലം'–പിരിച്ചെഴുതി സന്ധിനിയമം വ്യക്തമാക്കുക.

14 അനുനാസികാതിപ്രസരം എന്നാൽ എന്ത് ? ഉദാഹരണസഹിതം വ്യക്തമാക്കുക.

15 നിഗീർണ കർതൃകം – വിശദമാക്കുക.

(25 marks)

Turn over

## Section B

II. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. അഞ്ച് മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ. (പരമാവധി മാർക്ക് 35)

16 സവർണ്ണനം എന്നാൽ എന്ത് ? എത്ര വിധം ? ഉദാഹരണസഹിതം വ്യക്തമാക്കുക.

17 കേരളപാണിനീയത്തിലെ ദിത്വസന്ധി നിമയങ്ങൾ ഉദാഹരണസഹിതം വ്യക്തമാക്കുക.

18 സർവനാമം എന്നാൽ എന്ത് ? സർവനാമങ്ങൾ എണ്ണത്തിന് എത്രയെന്ന് വിശദമാക്കുക.

19 മലയാളത്തിലെ ലിംഗപ്രത്യയങ്ങളെക്കുറിച്ച് വിവരിക്കുക.

20 ഭാഷയിലെ നിഷേധരൂപങ്ങൾ ഏതൊക്കെയാണ് ?

21 സമാസം എന്നാൽ എന്ത് ? വിഭക്തി തൽപുരുഷ സമാസത്തിന്റെ വിഭാഗങ്ങളെക്കുറിച്ച് വിശദീകരിക്കുക.

22 "ശ്രുതിമാധുര്യാർത്ഥമായും

നാഗമം ചിലെടങ്ങളിൽ"

—വിശദീകരിക്കുക.

23 ദ്യോതകം എന്നാൽ എന്ത് ? ദ്യോതകത്തിന്റെ വിഭാഗങ്ങൾ ഏതെല്ലാം ? ഉദാഹരണസഹിതം വ്യക്തമാക്കുക.

(35 marks)

## Section C

III. ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

24 കേരളപാണിനി അവതരിപ്പിക്കുന്ന നാലുതരം സന്ധികളെ വിമർശനബുദ്ധ്യാ പരിശോധിക്കുക.

25 കൃതി എന്നാലെന്ത് ? കൃതികളുടെ വിഭാഗങ്ങളെക്കുറിച്ച് ഉപന്യസിക്കുക.

26 വിഭക്തികളെക്കുറിച്ച് ഉപന്യസിക്കുക. സംസ്കൃതത്തിൽ നിന്ന് വ്യത്യസ്തമായി വിഭക്തികൾക്ക് പുതിയ പേരുകൾ നൽകിയതുകൊണ്ട് കേരളപാണിനി പറയുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടോ ?

27 തദ്ധിതം എന്നാൽ എന്ത് ? തദ്ധിതങ്ങളുടെ വകഭേദങ്ങളെക്കുറിച്ച് ഉപന്യസിക്കുക.

($2 \times 10 = 20$ marks)

**D 30726** (Pages : 2) Name.......................................

Reg. No...................................

## FIFTH SEMESTER (CBCSS-UG) DEGREE EXAMINATION NOVEMBER 2022

Malayalam

MAL 5B 10—NADODI VIJNANEEYAM

(2019 Admission onwards)

Time : Two Hours and a Half Maximum : 80 Marks

### Section A

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതമുള്ള **പതിനഞ്ച്** ചോദ്യങ്ങൾ. (പരമാവധി മാർക്ക് 25).

1 എന്താണ് തോറ്റം പാട്ടുകൾ.

2 ഫലിതകഥകളുടെ പ്രസക്തിയെന്ത് ?

3 ഒപ്പനപ്പാട്ടുകളുടെ സവിശേഷതകൾ എന്തൊക്കെയാണ് ?

4 ഫോക്‌ലോർ എന്ന പദത്തിന്റെ അർത്ഥതലങ്ങൾ വ്യക്തമാക്കുക.

5 പാഠഭേദം എന്നാൽ എന്ത് ?

6 ഫിന്നിഷ് രീതിയുടെ പ്രാധാന്യമെന്ത് ?

7 ഭക്ഷണം ഫോക്‌ലോറിന് ഭാഗമാണോ ? എന്തുകൊണ്ട് ?

8 ഫോക്‌ലോറിന് ജോൺ ബെയ്‌ലി നൽകിയ നിർവ്വചനമെന്ത് ?

9 പുരാവൃത്തത്തെ നിർവ്വചിക്കുക.

10 അജ്ഞാത കർതൃകത എന്നാൽ എന്ത് ?

11 മാവാരതം പാട്ടിന്റെ സവിശേഷതകൾ എന്തെല്ലാം ?

12 പ്രോപ്പ് നാടോടിക്കഥയെ നിർവചിക്കുന്നതെങ്ങനെ ?

13 അഞ്ചു തമ്പുരാൻ പാട്ടിന്റെ പ്രമേയമെന്ത് ?

14 ഫോക്‌ലോർ പരിണാമിയാണ്–വ്യക്തമാക്കുക.

15 വടക്കൻ പാട്ടുകളിൽ പരാമർശിക്കുന്ന പ്രധാന തറവാടുകൾ ഏവ ?

(25 marks)

Turn over

242489

## Section B

II. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. അഞ്ച് മാർക്ക് വീതമുള്ള **എട്ട്** ചോദ്യങ്ങൾ. (പരമാവധി മാർക്ക് 35).

16 പടയണി എന്ന കലാരൂപത്തിന്റെ സവിശേഷതകൾ വിശദമാക്കുക.

17 വിഷു ആഘോഷത്തിന്റെ പ്രധാന ചടങ്ങുകൾ വിവരിക്കുക.

18 കേരളത്തിലെ നാടോടി വാദ്യങ്ങളെക്കുറിച്ച് വിവരിക്കുക.

19 കടങ്കഥകളുടെ സവിശേഷതകളും സാമൂഹിക ധർമ്മവും വിശദമാക്കുക.

20 ഐതിഹ്യവും പുരാവൃത്തവും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ വ്യക്തമാക്കുക.

21 മാപ്പിളപ്പാട്ടിലെ ഭാഷാരീതിയെക്കുറിച്ച് പ്രതിപാദിക്കുക.

22 സാഹിത്യം ഫോക്‌ലോറിനെ സ്വാധീനിക്കുന്നതെങ്ങനെ ?

23 ഫോക്‌ലോറും മനഃശാസ്ത്രവും തമ്മിലുള്ള ബന്ധമെന്ത് ?

(35 marks)

## Section C

III. **രണ്ടു** ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക. (പരമാവധി മാർക്ക് 20).

24 കേരളത്തിലെ ഫോക്‌ലോർ പഠനത്തിന്റെ ചരിത്രം സംക്ഷേപിക്കുക.

25 ഫോക് ലോറിന്റെ സവിശേഷതകളും ധർമ്മവും വിശദമാക്കുക.

26 അനുഷ്ഠാനകലകളുടെ പൊതു സവിശേഷതകൾ തെയ്യം എന്ന കലാരൂപത്തെ മുൻനിർത്തി വിവരിക്കുക.

27 കേരളത്തിലെ നാടൻ പാട്ടുകൾ–ഉപന്യസിക്കുക.

(2 × 10 = 20 marks)

**D 90412** **(Pages : 3)** **Name.....................................**

**Reg. No.....................................**

# FIFTH SEMESTER B.A./B.Sc. DEGREE EXAMINATION, NOVEMBER 2020

(CUCBCSS–UG)

Malayalam

MAL 5B 09—MALAYALA SAHITHYA VIMARSANAM

(2014 and 2018 Admissions)

Time : Three Hours | Maximum : 80 Marks

## Section A

*Answer* **all** *questions.*
*Each question carries* 1 *mark.*

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക :

1 പോസ്റ്റ് മോഡേൺ സാഹിത്യം മലയാളത്തിലില്ല എന്ന് വാദിച്ച നിരൂപകൻ.

2 സമദർശി, പ്രബോധകൻ എന്നീ പത്രങ്ങളുടെ പത്രാധിപരായിരുന്ന വിമർശകൻ.

3 "എഴുതുക എന്നു പറഞ്ഞാൽ സ്വാതന്ത്ര്യം അനുഭവിക്കുകക എന്നാണ് അർത്ഥം"—ആരുടെ വാക്കുകൾ ?

4 ലോകത്തെ ഉൾക്കൊള്ളുവാൻ വൈലോപ്പിള്ളിക്കുള്ള സഹജമായ മൗലികമാർഗ്ഗം എന്താണെന്നാണ് എം. എൻ. വിജയൻ പറയുന്നത് ?

5 മലയാളത്തിലെ മഹാനായ ഗദ്യവിമർശകൻ എന്ന് ഡോ. സുകുമാർ അഴിക്കോട് വിശേഷിപ്പിച്ചത് ആരെയാണ് ?

6 രൂപഭദ്രതാവാദം അവതരിപ്പിച്ചത് ആര് ?

7 സാഹിത്യം വിദ്യയാണ് എന്ന അഭിപ്രായം ആരുടേതാണ് ?

8 'ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു'— ആരുടെ കൃതി ?

9 കേസരിയുടെ വിമർശന പദ്ധതി വിമർശന വിധേയമാക്കുന്ന 'ചിതയിലെ വെളിച്ചം' എന്ന കൃതി രചിച്ചതാര് ?

10 ഭൂതകാലത്തെ സകലതിനെയും തകർക്കണമെന്ന ചിത്രകലാവാദം ഏതു പേരിൽ അറിയപ്പെടുന്നു ?

(10 × 1 = 10 marks)

**Turn over**

## Section B

*Answer atleast* **four** *questions.*
*Each question carries* 3 *marks.*
*All questions can be attended.*
*Overall ceiling* 12.

II. ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക :

11 "മറ്റു കേരളീയ കവികളിലോ ലോകകവികളിൽ തന്നെയോ ഗാഢവും നിരന്തരവുമായ ഒരു ഭാവനാശൈലി കാണുവാൻ കഴിഞ്ഞിട്ടില്ല"—ആരെക്കുറിച്ച് ? ആരുടെ പരാമർശം ?

12 കുറ്റബോധം കൊണ്ട് വിഷമിക്കുന്ന അവയവങ്ങൾ മേതിൽ കഥകളിലുണ്ട് എന്ന് കല്പറ്റ പറയുന്നതെന്തു കൊണ്ട് ?

13 കന്നിക്കൊയ്ത്തിലെ നിശ്ചലദൃശ്യം എന്ന് എം.എൻ. വിജയൻ വിശേഷിപ്പിക്കുന്നതെന്തിനെ ?

14 ഓരോ എഴുത്തുകാകരനും ഭാഷയെ പുതുതായി സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു എന്ന പരാമർശത്തിന്റെ സാംഗത്യമെന്ത് ?

15 ഫ്യൂച്ചറിസത്തിന്റെ ആരംഭം എപ്രകാരമായിരുന്നു ?

(4 × 3 = 12 marks)

## Section C

*Answer atleast* **four** *questions.*
*Each question carries* 7 *marks.*
*All questions can be attended.*
*Overall ceiling* 28.

III. 150 വാക്കിൽ കവിയാതെ ഏതെങ്കിലും **നാലെണ്ണത്തിന്** ഉത്തരമെഴുതുക :

16 മലയാളത്തിലെ ഏറ്റവും സാഹസികമായ വായനക്കാർ മേതിലിന്റേതാണ് എന്ന് കല്പറ്റ നാരായണൻ പറയുന്നതെന്തു കൊണ്ട് ?

17 വൈലോപ്പിള്ളിക്കവിതയിലെ ആനൽരതിയുടെ വിഭിന്നഭാവങ്ങളെ എം. എൻ. വിജയൻ നിരീക്ഷിക്കുന്നതെങ്ങനെ ?

18 സ്രഷ്ടാവിന്റെയും അനുവാചകന്റെയും സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള എം. തോമസ് മാത്യുവിന്റെ കാഴ്ചപ്പാടുകൾ എന്തെല്ലാം ?

19 "സ്ത്രീപക്ഷത്തിലേക്കു കടക്കുമ്പോഴാണ് കാളിദാസനെ നിയന്ത്രിച്ച സാമൂഹ്യശക്തിയുടെ വിശ്വരൂപം കാണാവുന്നതാണ്"—ഈ അഭിപ്രായത്തിന്റെ യുക്തി പരിശോധിക്കുക.

20 ഒരു സ്വതന്ത്രകലയെന്ന നിലയിൽ നമ്മുടെ സാഹിത്യവിമർശനം വേണ്ടത്ര വളർന്നിട്ടില്ല എന്ന കെ.പി. അപ്പന്റെ അഭിപ്രായം ശരിയോ ? വിശദീകരിക്കുക.

21 ഫ്രോയ്ഡിന്റെ മനഃശാസ്ത്രപരമായ കണ്ടുപിടിത്തങ്ങളുടെ പ്രേരണ ഫ്യൂച്ചറിസത്തിൽ ദർശിക്കാനാകുമെന്ന് ലേഖകൻ പറയുന്നതെന്തു കൊണ്ട് ?

22 അതിശയോക്തി, സാദൃശ്യം, ആവർത്തനം എന്നിവ ഹാസ്യത്തിന് നിദാനമാകുന്നതെങ്ങനെ ?

(4 × 7 = 28 marks)